# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *58 — 01/12/2015-ൽ മറുപടിയ്ക്ക്

**പട്ടികവർഗ്ഗ വിഭാഗത്തിന് സമ്പൂർണ്ണ വികസന പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സി. എഫ്. തോമസ്<br>" റ്റി. യു. കുരുവിള<br>" തോമസ് ഉണ്ണിയാടൻ<br>" മോൻസ് ജോസഫ് : | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ദുരിതങ്ങൾ അനുഭവിക്കുന്ന ജനവിഭാഗത്തിന് ഒരു സമ്പൂർണ്ണ വികസന പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (എ) | പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ദുരിതങ്ങൾ അനുഭവിക്കുന്ന ജനവിഭാഗത്തിന്റെ ക്ഷേമത്തിനായി പട്ടികവർഗ്ഗ ഉപപദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികവർഗ്ഗ വികസനവകുപ്പ് ധാരാളം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.<br><br>ഈ മേഖലയിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ സമഗ്ര വികസനത്തിനായി 2014-15 സാമ്പത്തിക വർഷം മുതൽ അഡീഷണൽ ട്രൈബൽ സബ് പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി (എ.റ്റി.എസ്.പി) സമഗ്ര വികസന പദ്ധതി നടപ്പിലാക്കി വരുന്നു. ഓരോ പ്രദേശത്തെയും പശ്ചാത്തല വികസനവും ജനങ്ങളുടെ ജീവിത നിലവാരവും അഭിവൃദ്ധിപ്പെടുത്തുന്നതിനുമുള്ള സുസ്ഥിരവികസന പദ്ധതിയായിട്ടാണ് നടപ്പിലാക്കി വരുന്നത്. 2014-15 സാമ്പത്തിക വർഷത്തിൽ എ.റ്റി.എസ്.പി. പദ്ധതിയിൽ ഉൾപ്പെടുത്തി തെരഞ്ഞെടുത്ത മേഖലകളിലെ പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സ്ഥായിയായ സമഗ്ര വികസനം നടപ്പിലാക്കുന്നതിനായി 150 കോടി രൂപ ബജറ്റ് വിഹിതമായി ലഭിക്കുകയും പിന്നോക്കാവസ്ഥയിലുള്ള 14 ബ്ലോക്ക്/ പഞ്ചായത്തുകളിലെ പട്ടികവർഗ്ഗ സങ്കേതങ്ങളെ തെരഞ്ഞെടുത്ത് 135.75 കോടി രൂപ വിവിധ വികസന പ്രവർത്തനങ്ങൾക്ക് ജില്ലകൾക്ക് അനുവദിച്ച് പദ്ധതി നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | 2015-16 വർഷത്തിൽ വയനാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിലെ വിവിധ പഞ്ചായത്തുകളിൽ നിന്നും 50 പട്ടികവർഗ്ഗ സങ്കേതങ്ങളെ തെരഞ്ഞെടുത്ത് പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭഘട്ടത്തിലാണ്.<br>(വിശദവിവരം അനുബന്ധം 1 ആയി ചേർക്കുന്നു)<br>പതിമൂന്നാം ധനകാര്യകമ്മീഷൻ അവാർഡ് മുഖേന പ്രാക്തന ഗോത്രവർഗ്ഗക്കാരുടെ സമഗ്ര വികസന പദ്ധതികൾക്കായി (2011-15) കാലയളവിൽ ടി പദ്ധതിയിൽ ഉൾപ്പെടുത്തി കുടിവെള്ളം, വൈദ്യുതി, മണ്ണ് സംരക്ഷണം, റോഡുകൾ പാലങ്ങൾ എന്നിവയും 2018 പേർക്ക് ഭവന നിർമ്മാണ ധനസഹായവും നൽകിയിട്ടുണ്ട്.<br>ടി പദ്ധതിയുടെ നടത്തിപ്പിനായി 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിൽ യഥാക്രമം 11.55 കോടി, 37 കോടി, 57 കോടി രൂപ, 37 കോടി രൂപ, എന്നിങ്ങനെ 142.55 കോടി രൂപ, വക കൊള്ളിച്ചിരുന്നു. |
| (ബി) | പ്രസ്തുത വിഭാഗം ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിന് ഈ സർക്കാർ ചെയ്ത കാര്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി പട്ടികവർഗ്ഗ ഉപപദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികവർഗ്ഗ വികസന വകുപ്പ് സംസ്ഥാന, കേന്ദ്രാവിഷ്കൃത പദ്ധതിയിലൂടെ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പ്രധാനപ്പെട്ട പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.<br>കോർപ്പസ് ഫണ്ട്, പൂൾഡ് ഫണ്ട്, ഗ്രാന്റ്-ഇൻ എയ്ഡ് അണ്ടർ ആർട്ടിക്കിൾ 275(1), പ്രത്യേക കേന്ദ്ര സഹായ പദ്ധതി, എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി പട്ടികവർഗ്ഗക്കാരുടെ സാമ്പത്തി കോന്നമനപരിപാടികൾക്കും സമഗ്ര വികസന ത്തിന് ഉതകുംവിധം പട്ടികവർഗ്ഗ സങ്കേതങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളോടു കൂടിയുള്ള വികസനത്തിന് പ്രാധാന്യം നല്കി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഗതാഗത സൗകര്യമായ റോഡ്, പാലം ഉൾപ്പെടെയുള്ള പദ്ധതികളും കുടിവെള്ളം, വൈദ്യുതി, സോളാർ ലൈറ്റുകൾ നടപ്പാതകൾ കമ്മ്യൂണിറ്റി കേന്ദ്രങ്ങൾ, അംഗൻവാടികൾ, സ്കൂൾ കെട്ടിടം തുടങ്ങിയവ |

| | | | |
|---|---|---|---|
| | | | നിർമ്മിക്കുന്നതിനായി ആവശ്യമായ തുക അതാത് വർഷത്തെ വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>ആശിക്കുന്ന ഭൂമി ആദിവാസികൾക്ക് സ്വന്തം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 2013-14 വർഷം പട്ടികവർഗ്ഗ പുനരധിവാസമിഷൻ മുഖേന 490 ഗുണഭോക്താക്കൾക്ക് 178.95 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. നടപ്പ് വർഷവും ടി പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>(വിശദവിവരം അനുബന്ധം 2 ആയി ചേർക്കുന്നു)<br><br>സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതി : 2014-15 സാമ്പത്തികവർഷം പട്ടികവർഗ്ഗ വികസന വകുപ്പ് ശേഖരിച്ച കണക്ക് പ്രകാരം സംസ്ഥാനത്ത് 30308 ഭവനരഹിതരും ഭവന നിർമ്മാണത്തിന് സ്ഥല സൗകര്യമുള്ളതുമായ പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന ജനറൽ ഹൗസിംഗ് പദ്ധതി, എ.റ്റി.എസ്.പി. പദ്ധതി, ഹഡ്കോ വായ്പാതുക വിനിയോഗിച്ചുള്ള ഭവന നിർമ്മാണം, ഐ.എ.വൈ.പദ്ധതി പ്രകാരം ഗ്രാമവികസന വകുപ്പിൽ നിന്നും പട്ടികവർഗ്ഗക്കാർക്കായി ലഭ്യമാകുന്ന ഭവന നിർമ്മാണ പദ്ധതി എന്നിവയിലൂടെ ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്കായി സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കി വരുന്നു. 2014-15 വർഷത്തിൽ വകുപ്പ് മുഖേന നടപ്പിലാക്കുന്ന ജനറൽ ഹൗസിംഗ് പദ്ധതി പ്രകാരം 2907 പേർക്ക് വീടുകൾ അനുവദിക്കുകയും 2015-16 വർഷം ഹഡ്കോ ഹൗസിംഗ് പദ്ധതി പ്രകാരം 2000 വീടുകളും എ.റ്റി.എസ്.പി. പദ്ധതി പ്രകാരം 6000 വീടുകളും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗ്രാമവികസന വകുപ്പ് മുഖേന ഐ.എ.വൈ. പദ്ധതി പ്രകാരം പട്ടികവർഗ്ഗക്കാർക്ക് 2014-15-ൽ 9337 വീടുകളും 2015-16-ൽ അത്രയും പേർക്കുകൂടി വീടുകൾ അനുവദിയ്ക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പി.വി.റ്റി.ജി പദ്ധതിയിൽ ഉൾപ്പെടുത്തി 2018 പേർക്ക് ഭവന നിർമ്മാണ ധനസഹായവും നല്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പട്ടികവർഗ്ഗസങ്കേതങ്ങളുടെ പിന്നോക്കാവസ്ഥയും ക്ലേശഘടകങ്ങളെയും മുൻ നിറുത്തി 2014-15 വർഷം 25 പട്ടികവർഗ്ഗ സങ്കേതങ്ങളെ തെരഞ്ഞെടുത്ത് വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. 2015-16 വർഷം പദ്ധതി നടപ്പിലാക്കുന്നതിന് ബജറ്റ് വിഹിതമായി 10 കോടി രൂപ ലഭിച്ചതിൽ നാളിതുവരെ 8 കോളനികളെ തെരഞ്ഞെടുക്കുകയും ഈ കോളനികളിൽ വികസന പ്രവർത്തനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്.<br><br>പട്ടികവർഗ്ഗ പ്രദേശങ്ങളിലെ ഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിനായി നബാർഡിന്റെ ആർ.ഐ.ഡി.എഫ്. സ്കീമിൽ ഉൾപ്പെടുത്തി 193 റോഡുകളും 5 പാലങ്ങളും നിർമ്മിക്കുന്നതിന് സർക്കാർ അനുമതി നല്കിയിട്ടുണ്ട്. 181.71 കോടി രൂപയിൽ മൊബലൈസേഷൻ അഡ്വാൻസായി 28.23 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നിർവ്വഹണത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>ആരോഗ്യ പരിപാലനത്തിനായി ജനനി ജന്മരക്ഷ, ചികിത്സാ ധനസഹായം, സങ്കേതങ്ങളിൽ മെഡിക്കൽ ക്യാമ്പ് എന്നിവ നടപ്പിലാക്കി വരുന്നു.<br><br>മെച്ചപ്പെട്ട വിദ്യാഭ്യാസം നല്കുന്നതിന്റെ ഭാഗമായി എല്ലാ എം.ആർ.എസ്/ആശ്രമം സ്കൂൾ/ ഹോസ്റ്റലുകൾ എന്നിവയുടെ നടത്തിപ്പ് നിർമ്മാണം സ്കോളർഷിപ്പുകൾ, ഗോത്രസാരഥി എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു<br><br>എ.റ്റി.എസ്.പി. : 2014-15 സാമ്പത്തിക വർഷത്തിൽ എ.റ്റി.എസ്.പി. പദ്ധതിയിൽ ഉൾപ്പെടുത്തി തെരഞ്ഞെടുത്ത മേഖലകളിലെ പട്ടികവർഗ്ഗസങ്കേതങ്ങളുടെ സ്ഥായിയായ സമഗ്ര വികസനം നടപ്പിലാക്കുന്നതിനായി 150 കോടി രൂപ ബജറ്റ് വിഹിതമായി ലഭിക്കുകയും പിന്നോക്കാവസ്ഥയിലുള്ള 14 ബ്ലോക്ക്/ പഞ്ചായത്തുകളിലെ പട്ടികവർഗ്ഗ സങ്കേതങ്ങളെ തെരഞ്ഞെടുത്ത് 135.75 കോടി രൂപ വിവിധ വികസന പ്രവർത്തനങ്ങൾക്ക് ജില്ലകൾക്ക് അനുവദിച്ച് |

| | | | |
|---|---|---|---|
| | | | പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>2015-16 വർഷത്തിൽ വയനാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിലെ വിവിധ പഞ്ചായത്തുകളിൽ നിന്നും 50 പട്ടികവർഗ്ഗ സങ്കേതങ്ങളെ തെരഞ്ഞെടുത്ത് പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭഘട്ടത്തിലാണ്. |
| (സി) | ഇവരുടെ വ്യക്തിഗത ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യക്തിഗത ആനുകൂല്യങ്ങൾ പുതുക്കിയ പദ്ധതികളുടെ വിവരം ചുവടെ ചേർത്തിരിക്കുന്നു.<br><br>**കേരളത്തിലെ പട്ടികവർഗ്ഗക്കാരുടെ ഭവന നിർമ്മാണ ഗ്രാന്റ്** 2015-16 സാമ്പത്തിക വർഷാരംഭം മുതൽ 2.50 ലക്ഷം രൂപയിൽ നിന്നും 3.50 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.<br><br>**പട്ടികവർഗ്ഗ പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം:** പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് വിവാഹധനസഹായം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വാർഷിക കുടുംബ വരുമാന പരിധി 22,000/- രൂപയിൽ നിന്നും 50,000/- രൂപയാക്കി ഉയർത്തുകയും വിവാഹ ധനസഹായം 20,000/- രൂപയിൽ നിന്നും 50,000/- രൂപയായി 07/12/2012 മുതൽ വർദ്ധിപ്പിക്കുകയും ചെയ്തു. 2015-16 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 66 ലക്ഷം രൂപ ടി പദ്ധതിയ്ക്കായി ജില്ലകൾക്ക് അനുവദിച്ചു നല്കിയിട്ടുണ്ട്.<br><br>**അരിവാൾ രോഗം :** വയനാട്, പാലക്കാട്, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്കിടയിൽ കണ്ടു വരുന്ന ആജീവനാന്ത പാരമ്പര്യ രോഗമാണ് അരിവാൾ രോഗം. പ്രസ്തുത രോഗികൾക്ക് ഓരോ മാസവും 1000/- രൂപ വീതം അതാത് ജില്ലാ ഓഫീസുകൾ മുഖാന്തിരം ഇതുവരെ 593 ഗുണഭോക്താക്കൾക്ക് ധനസഹായം നല്കിയിട്ടുണ്ട്. ടി ധനസഹായം 1000/- രൂപയിൽ നിന്നും 2000/- രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്. |

| | | | |
|---|---|---|---|
| | | | **ജനനി ജന്മരക്ഷ:** പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി പ്രതിമാസം 1000/- രൂപ നിരക്കിൽ നാളിതുവരെ 11850 ഗുണഭോക്താക്കൾക്ക് ധനസഹായം നല്കിയിട്ടുണ്ട്.<br><br>**പട്ടികവർഗ്ഗക്കാരിലെ വംശീയ വൈദ്യൻമാർക്കുള്ള ധനസഹായം :** ടി പദ്ധതി പ്രകാരം 2014-15 സാമ്പത്തിക വർഷത്തിൽ 250 ഗുണഭോക്താക്കൾക്ക് ധനസഹായം നല്കുകയും 2015-16 വർഷത്തിൽ 250 ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. 10000/- രൂപ വാർഷിക ഗ്രാന്റായി കിർത്താഡ്സ് മുഖാന്തിരം നല്കി വരുന്നു.<br><br>**വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം**<br><br>അംഗീകൃത യൂണിവേഴ്സിറ്റികളിൽ / സ്ഥാപനങ്ങളിലെ പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികൾക്ക് പഠന സഹായിയായി ലാപ് ടോപ്പ് വിതരണം ചെയ്യുന്ന പദ്ധതിയാണിത്.<br><br>**കൈത്താങ്ങ്**<br><br>സംസ്ഥാനത്തെ അനാഥരായ പട്ടികവർഗ്ഗ കുട്ടികളെ സംരക്ഷിക്കുന്നതിന് 2013-14 സാമ്പത്തിക വർഷം ആരംഭിച്ച പദ്ധതിയാണ് കൈത്താങ്ങ്. ഇത്തരം കുട്ടികളെ സംരക്ഷിക്കുന്നവർക്ക് പ്രതിമാസം 1000/- രൂപ ധനസഹായം നല്കുന്ന പദ്ധതിയാണിത്. പട്ടികവർഗ്ഗത്തിൽ പെട്ടവരും മാതാപിതാക്കൾ മരണപ്പെട്ടതോ / ഉപേക്ഷിച്ചതോ / ഒരാൾ മരണപ്പെടുകയും, ജീവിച്ചിരിക്കുന്ന ആൾക്ക് കുട്ടികളെ പോറ്റാൻ കഴിവില്ലാത്ത വിധം ഗുരുതര രോഗം ബാധിച്ചവരോ ആയിട്ടുള്ളവരുടെ കുട്ടികൾ ഈ പദ്ധതിയിടെ ഗുണഭോക്താക്കളായിരിക്കും. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം -1

# THE LIST OF MOST BACKWARD TRIBAL AREAS IN KERALA SELECTED UNDER ATSP 2015-16

| Sl.No | Name of Grama Panchayat | Name of colony | District |
|---|---|---|---|
| 1 | Kottathara Grama panchayat | Padiyottukunnu | Wayanad |
| 2 | | Kallamvetty | |
| 3 | | Kezhavayal | |
| 4 | Padinjarathara Panchayat | Orummal | |
| 5 | | Arikkalam | |
| 6 | | Peringottukunnu | |
| 7 | | Thanniyode | |
| 8 | Ambalavayal Grama panchayat | Ambalakunnu colony | |
| 9 | Mullankolly Grama panchayat | Bokkippadi colony | |
| 10 | Nenmeni Grama panchayat | Kalappura colony | |
| 11 | Sulthan Bathery Grama panchayat | Nellippatta colony | |
| 12 | Poothadi Grama Panchayat | Thannikkunnu colony | |
| 13 | Vellamunda GP | Padakkottukunnu | |
| 14 | | Cheruvalath | |
| 15 | | Veloorkkarakunnu | |
| 16 | Mananthavady GP | Conventkunnu | |
| 17 | | Kaverypoyil | |
| 18 | Thondarnadu GP | Tharuvanamittam | |
| 19 | | Edamunda Tharavadu | |
| 20 | | Vengalode | |
| 21 | | Edamunda FrC | |
| 22 | Edavaka GP | Eranakolli Colony | |
| 23 | | Eranal | |
| 24 | | Valery | |

| Sl.No | Name of Grama Panchayat | Name of colony | District |
|---|---|---|---|
| 1 | Ulickal GP | Kakkad | Kannur |
| 2 | Sreekandapuram GP | Valliyad | |
| 3 | Ayyankunnu GP | Ieenthungari | |
| 4 | Naduvil GP | Paremotta | |
| 5 | Alakkode GP | Kappana | |
| 6 | Eruvassery GP | Valappu | |
| 7 | Udayagiri GP | Thalathanni | |
| 1 | Nilampur Municipality | Nallamthanni | Malappuram |
| 2 | | Chakkappali | |
| 3 | | Mukkarshi Girijan | |
| 4 | | Muthiri colony | |
| 5 | | Vallappuzha | |
| 6 | | Iyyam mada | |
| 7 | | Varadampadam | |
| 8 | | Kallempadam | |
| 9 | Pothukallu Grama Panchayat | Kumbala para | |
| 10 | | Iruttukutti | |
| 11 | | Vaniyampuzha | |
| 12 | | Tharippa potty | |
| 1 | Kodenchery | Vattachira colony | Kozhikkode |
| 2 | Kattippara | Kakkanamchery colony | |
| 3 | Puthuppady | Kurumarukandi colony | |
| 4 | Vanimel | Kuttallur colony | |
| 5 | | Madanchery colony | |
| 6 | | Panniyeri colony | |
| 7 | Nattippara | Vayad colony | |

## 1. "ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം പദ്ധതി"

ഭൂരഹിതരായ പട്ടികവഗ കുടുംബങ്ങൾക്ക് 25 സെന്റിൽ കുറയാതെയും ഒരേക്കറിൽ അധികരിക്കാതെയും ഉള്ള ഭൂമി പരമാവധി 10 ലക്ഷം രൂപ വരെ ചെലവഴിച്ച് വിലക്കു വാങ്ങി നൽകുന്നതിന് 3/09/2013ൽ ജി.ഒ.(എം.എസ്) നം.568/13 പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ഇതിൻപ്രകാരം നാളിതുവരെ സംസ്ഥാനമൊട്ടാകെ ഭൂമി വാങ്ങി നൽകിയതിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | ഓഫീസ് | ഭൂമി വാങ്ങിക്കഴിഞ്ഞ കുടുംബങ്ങളുടെ എണ്ണം | ആകെ വാങ്ങിച്ച ഭൂമിയുടെ വിസ്തൃതി (ഏക്കർ) |
|---|---|---|---|---|
| 1 | തിരുവനന്തപുരം | ഐ.റ്റി.ഡി.പി നെടുമങ്ങാട് | 0 | 0 |
| 2 | കൊല്ലം | ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ്, പുനലൂർ | 13 | 3.805 |
| 3 | ആലപ്പുഴ | ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ്, പുനലൂർ | 15 | 3.67 |
| 4 | പത്തനംതിട്ട | ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ്, റാന്നി | 27 | 8.084 |
| 5 | കോട്ടയം | ഐ.റ്റി.ഡി.പി കാഞ്ഞിരപ്പള്ളി | 5 | 1.25 |
| 6 | ഇടുക്കി | ഐ.റ്റി.ഡി.പി ഇടുക്കി | 7 | 4.058 |
| 7 | എറണാകുളം | ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ്, മൂവാറ്റുപുഴ | 9 | 2.51 |
| 8 | തൃശ്ശൂർ | ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ്, ചാലക്കുടി | 17 | 4.3 |
| 9 | കോഴിക്കോട് | ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ്, കോഴിക്കോട് | 3 | 0.95 |
| 10 | പാലക്കാട് | ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ്, പാലക്കാട് | 3 | 0.84 |
| | | ഐ.റ്റി.ഡി.പി അട്ടപ്പാടി | 1 | 1 |
| 11 | മലപ്പുറം | ഐ.റ്റി.ഡി.പി.നിലമ്പൂർ | 20 | 3.49 |
| 12 | വയനാട് | ഐ.റ്റി.ഡി.പി.കൽപ്പറ്റ | 166 | 50.830 |
| | | ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ്, സുൽത്താൻ ബത്തേരി | 95 | 35.639 |
| | | ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ്, മാനന്തവാടി | 67 | 27.0 |
| 13 | കണ്ണൂർ | ഐ.റ്റി.ഡി.പി.കണ്ണൂർ | 0 | 0 |
| 14 | കാസർഗോഡ് | ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ്, കാസർഗോഡ് | 42 | 31.53 |
| | | ആകെ | 490 | 178.956 |

സെക്ഷൻ ഓഫീസർ